**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1043** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചേർത്തല താലൂക്കിലെ അന്ധകാരനഴി ഷട്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചേർത്തല താലൂക്കിലെ അന്ധകാരനഴി ഷട്ടർ ഉയർത്തുന്നതും പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾ മണൽ നീക്കുന്നതും ആയി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ഷട്ടർ ഉയർത്തൽ - വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രകൃതിയുടെ പ്രതിഭാസം മൂലം അടയാറുള്ള അന്ധകാരനഴി പൊഴിമുഖം പൊഴിച്ചാൽ വരെ മുറിച്ച് ജലം ഒഴുക്കി കളയേണ്ടത് അനിവാര്യമായ പ്രവൃത്തിയാണ്. അന്ധകാരനഴി റെഗുലേറ്ററുകളുടെ പ്രവർത്തനവും, പ്രളയജലം ഒഴുക്കിക്കളയുന്നതിനുള്ള പൊഴിമുറിക്കൽ പ്രവൃത്തിയും ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായ ഉപദേശക സമിതിയുടെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും തീരുമാനവും നിർദ്ദേശവുമനുസരിച്ചാണ് ജലസേചന വകുപ്പിന്റെ കീഴിലുള്ള സിവിൽ വിഭാഗവും, മെക്കാനിക്കൽ വിഭാഗവും കൂടി ചെയ്തു വരുന്നത്.<br><br>മണൽ നീക്കം- വർഷാവർഷം മണൽ നിറഞ്ഞ് അടഞ്ഞുപോകുന്ന അന്ധകാരനഴി പൊഴിമുഖം പൊഴിച്ചാൽ വരെ മുറിച്ചാണ് പ്രളയജലം കടലിലേക്ക് ഒഴുക്കികളയുന്നത്. മുൻകാലങ്ങളിൽ പൊഴിമുഖത്തുനിന്ന് സാധാരണ ജനങ്ങൾ മണൽ വള്ളത്തിലെടുത്ത് കൊണ്ടു പോകുമായിരുന്നു. ഉപ്പുരസമുള്ള ഈ മണൽ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന മണലുമായി കലർത്തുന്ന അവസ്ഥ സംജാതമായപ്പോഴാണ് ജില്ലാ ഭരണകൂടം ഇടപെട്ട് ഇവിടുത്തെ മണൽ ഖനനം നിരോധിച്ചത്. CRZ നിയമ പ്രകാരം മണൽ ഖനനം അഴിമുഖത്ത് അനുവദനീയമല്ല. പരമ്പരാഗതമായി മത്സ്യതൊഴിലാളികൾ മണൽ നീക്കുന്നതും, അല്ലാതെയുമുള്ള ഖനനം സംബന്ധിച്ചും അതിന്റെ ഉപഭോക്താക്കളെ നിർണയിച്ച് അനുമതി നൽകുന്നതും ജില്ലാ ഭരണകൂടത്തിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളാണ്. ജില്ലാ ഭരണകൂടത്തിന്റെ തീരുമാനത്തിനനുസരിച്ച് ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും കൂടാതെ പൊഴി മുറിക്കുന്ന പ്രവൃത്തിയും മാത്രമാണ് ഇറിഗേഷൻ വകുപ്പ് ചെയ്തു വരുന്നത്. പൊഴി |

| | | | |
|---|---|---|---|
| | | | മുറിക്കുന്ന മണ്ണ് പരിസ്ഥിതിക്ക് ആഘാത മുണ്ടാക്കാതെ ഇരുവശങ്ങളിലും നിക്ഷേപിക്കുകയും, പിന്നീട് അത് കടലിലേക്ക് തന്നെ ഒഴുകിപ്പോകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ